പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1723 14.12.2012 ൽ മറുപടിയ്ക്ക്

വികലാംഗർക്ക് ത്രീവീലർ

ചോദ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

മറുപടി

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വികലാംഗർക്ക് സൗജന്യമായി ത്രീ വീലർ നൽകുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) വികലാംഗർക്ക് സൗജന്യമായി മോട്ടോർ ഘടിപ്പിച്ച ത്രീവീലർ നൽകുന്ന പദ്ധതി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ നിലവിലില്ല. എന്നാൽ ജില്ലാ പഞ്ചായത്ത് മുഖേനയുള്ള പദ്ധതികളിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വികലാംഗർക്ക് വാഹനം അനുവദിക്കുന്ന പദ്ധതി ചില ജില്ലകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ വികലാംഗർക്ക് സൗജന്യമായി മുച്ചക്ര വാഹനം (ട്രൈസൈക്കിൾ) നൽകുന്ന പദ്ധതി വികലാംഗക്ഷേമ കോർപ്പറേഷനിൽ നിലവിലുണ്ട്. |
| (ബി) ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ എത്ര പേർക്ക് ത്രീ വീലർ വിതരണം ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) മുച്ചക്ര വാഹനം അർഹരായ എല്ലാ അപേക്ഷകർക്കും നൽകി വരുന്നു. |
| (സി) അംഗവൈകല്യമുള്ളവർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് പ്രത്യേക പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ